**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1026** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഭാരതപ്പുഴയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി വിവിധ ശീർഷകങ്ങളിൽ ലഭ്യമാകുന്ന ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് തീരസംരക്ഷണ പ്രവൃത്തികൾ, മാലിന്യവും മറ്റ് തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ, വിശദപഠനത്തിന്റെ അടിസ്ഥാനത്തിൽ ജലസംരക്ഷണത്തിനായുള്ള തടയണ നിർമ്മാണ പ്രവൃത്തികൾ എന്നിവയാണ് മുഖ്യമായും നടപ്പിലാക്കി വരുന്നത്.<br><br>പറളിപാലത്തിന് കീഴ്ഭാഗത്ത് അടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്യൽ, തിരുനെല്ലായി പാലത്തിന് കീഴ്ഭാഗത്ത് അടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്യൽ, ചെങ്ങണാംകുന്ന് റെഗുലേറ്ററിന് മുകൾ വശത്ത് അടിഞ്ഞുകൂടിയ തടസ്സങ്ങൾ നീക്കം ചെയ്യൽ, ചെറുതുരുത്തി ചെക്ക് ഡാമിൽ അടിഞ്ഞുകൂടിയ മണൽ/പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇതുകൂടാതെ കാലാകാലങ്ങളായും, 2018,19 വർഷത്തിലെ പ്രളയത്തിൽ അടിഞ്ഞുകൂടിയ എക്കലും, ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തി പ്രധാന കൈവഴികളിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതിയിൻകീഴിലുള്ള "റിവർ ബേസിൻ മാനേജ്മെന്റ് പ്ലാൻ ഫോർ ഭാരതപ്പുഴ" എന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ? | (ബി) | ഭാരതപ്പുഴ ഉൾപ്പെടെ എല്ലാ നദികളുടെയും സംരക്ഷണം ലക്ഷ്യമിട്ടുള്ള "നദീതട സംരക്ഷണ മാനേജ്മെൻറ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ